**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 533

09.02.2016-ലെ മറുപടിയ്ക്ക്

## കൺസ്യൂമർഫെഡിലെ നിയമനം

**ചോദ്യം**

ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൺസ്യൂമർഫെഡിൽ എത്രപേരെ നിയമിച്ചിട്ടുണ്ടെന്നും ഇവരുടെ നിയമനത്തിൽ എന്തൊക്കെ മാനദണ്ഡങ്ങളാണ് സ്വീകരിച്ചതെന്നും വ്യക്തമാക്കാമോ?

**മറുപടി**

ശ്രീ.സി.എൻ.ബാലകൃഷ്ണൻ
(സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി)

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കൺസ്യൂമർഫെഡിൽ 3989 പേരെ നിയമിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| നിയമന രീതി | എണ്ണം |
|---|---|
| സ്ഥിരം (ആശ്രിത നിയമനം) | 9 |
| ദിവസക്കൂലി | 3714 |
| കരാർ അടിസ്ഥാനം | 266 |

നിയമനം സംബന്ധിച്ച മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു:

**സ്ഥിരം (ആശ്രിത നിയമനം)**

വിദേശ മദ്യഷോപ്പുകളിലെ മരണമടഞ്ഞ അബ്കാരി തൊഴിലാളികളുടെ ആശ്രിതർക്ക് നിയമനം നൽകുന്നത് സംബന്ധിച്ച് സഹകരണ സംഘം രജിസ്ട്രാറുടെ 10.7.2008 ലെ ഇഎം(3) 38770/07 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ സെയിൽസ്

ഹെൽപ്പർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

**<u>ദിവസക്കൂലി</u>**

ഓരോ യൂണിറ്റുകളും തുടങ്ങുന്ന സന്ദർഭങ്ങളിൽ ആ യൂണിറ്റിലേയ്ക്ക് ആവശ്യമായ ഏറ്റവും ചുരുങ്ങിയ എണ്ണം ജീവനക്കാരെ അതാത് ജില്ലകളിലെ ഡയറക്ടർമാരുമായും, പ്രാദേശിക ജനപ്രതിനിധികളുമായും, കൂടിയാലോചിച്ച് പ്രാദേശിക പ്രാതിനിധ്യത്തിന് മുൻഗണന നൽകി അർഹതയും യോഗ്യതയും ഉറപ്പുവരുത്തി ദിവസ വേതനാടിസ്ഥാനത്തിലാണ് നിയമനം നൽകിയത്.

**<u>കരാർ അടിസ്ഥാനം</u>**

സർക്കാർ നയത്തിന്റെ ഭാഗമായി കൂടുതൽ യൂണിറ്റുകൾ ആരംഭിക്കുമ്പോൾ അതിനനുസൃതമായി കൂടുതൽ ജീവനക്കാരെ ആവശ്യമായി വരുന്ന സാഹചര്യത്തിൽ കരാർ അടിസ്ഥാനത്തിൽ നിയമനം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ